ടുന്ന അരൂർ പഞ്ചായത്തിലെ വിതരണ ശൃംഖലയിലേക്ക് ഇടയ്ക്കിടെ അടുത്തുള്ള ഏഴുപുന്ന പദ്ധതിയിൽ നിന്നും ജലം പമ്പ് ചെയ്ത് എത്തിക്കാറുണ്ട്. ഇതു തീരെ അപര്യാപ്തമാണ്. ചെമ്മീൻ സംസ്ക്കരണ കമ്പനികൾ വളരെയുള്ള ഈ തീരപ്രദേശത്തെ കുളങ്ങൾ, കിണർ ഇവയിലുള്ള ജലത്തിൽ എൽ. ഐ.സി. ധനസഹായത്തോടെ ഒരു പുതിയ പദ്ധതി നടപ്പാക്കിവരുന്നു. ഈ പദ്ധതിയുടെ സംഭരണി ഒഴികെ (കുഴൽക്കിണർ വിതരണ ശൃംഖല മുതലായവ) മറ്റ് പണികൾ പൂർത്തീകരിച്ച് ഉന്നതതല സംഭരണിയ്ക്ക് ദർഘാസ് വിളിച്ചിരിക്കയാണ്. ഈ പദ്ധതി പൂർത്തീകരിക്കുന്നതോടുകൂടി പട്ടണക്കാട് പഞ്ചായത്തിലെ ശുദ്ധജലക്ഷാമം ഒരു പരിധിവരെ പരിഹരിക്കപ്പെടും. അരൂർ നിയോജകമണ്ഡലത്തിൽ ഉൾപ്പെടുന്ന തുറവൂർ പഞ്ചായത്തിൽ ഇപ്പോൾ ശുദ്ധ ജലവിതരണ പദ്ധതി നിലവിൽ ഇല്ല. എന്നാൽ അടുത്തുള്ള കുത്തിയതോട് പഞ്ചായത്തിൽ നിന്നും ഭാഗികമായി ശുദ്ധജല വിതരണം നടത്തുന്നു.

ഒ.ഇ.സി.എഫ് ന്റെ ധനസഹായത്തോടെ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്ന ചേർത്തലയും സമീപ പഞ്ചായത്തുകളിലേക്കുമുള്ള ശുദ്ധജല വിതരണ പദ്ധതി പ്രാവർത്തികമായിക്കഴിഞ്ഞാൽ മാത്രമേ അവിടത്തെ ശുദ്ധജല ക്ഷാമത്തിന് ശാശ്വത പരിഹാരം ഉണ്ടാകുകയുള്ളൂ.

61 (457) പൂഴിത്തോട്ടിലെ കുടിവെള്ള പ്രശ്നം

<u>ശ്രീമതി എൻ.കെ. രാധ</u> : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പേരാമ്പ്ര നിയോജക മണ്ഡലത്തിലെ ചക്കിട്ടപ്പാറ ഗ്രാമപഞ്ചായത്ത് 3-ാം വാർഡിലെ പൂഴിത്തോട്ടിലെ കുടിവെള്ള പ്രശ്നം പരിഹരിക്കണമെന്നാവശ്യപ്പെട്ടുകൊണ്ടുള്ള നിവേദനം ലഭിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഇതു പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) ചക്കിട്ടപ്പാറ ഗ്രാമീണ ശുദ്ധജല പദ്ധതിയിൽ നിന്നും ചക്കിട്ടപ്പാറ പഞ്ചായത്തിലെ മൂന്നാം വാർഡിലേക്ക് പൈപ്പ് ലൈൻ നീട്ടുന്നതിനുള്ള എസ്റ്റിമേറ്റ് തയ്യാറാക്കി വരുന്നു.

62 (458) മഞ്ചനാട് വാട്ടർ സപ്ലൈ സ്കീം

<u>ശ്രീ. എം.പി. വർഗ്ഗീസ്</u> : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മഴുവന്നൂർ പഞ്ചായത്തിൽ മഞ്ചനാട് വാട്ടർ സപ്ലൈ സ്കീമിന്റെ പ്രവർത്തന പുരോഗതി എന്താണെന്ന് വ്യക്തമാക്കുമോ;

(ബി) എന്നത്തേയ്ക്ക് പ്രവർത്തനം ആരംഭിക്കുവാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ)&(ബി) മഴുവന്നൂർ പഞ്ചായത്തിലെ ശുദ്ധജല വിതരണ പദ്ധതിയുടെ ആവശ്യത്തിലേക്കായി മഴുവന്നൂർ ടാങ്കിലേക്ക് ശുദ്ധജലമെത്തിക്കാൻ പ്രത്യേകമായി ഒരു പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിനു വേണ്ടിയുള്ള ഒരു രൂപ രേഖ 47.75 ലക്ഷം രൂപയ്ക്ക് അംഗീകാരം ലഭിച്ചിട്ടുണ്ട്. എന്നാൽ പ്രസ്തുത രൂപരേഖ നടപ്പിലാക്കുന്നതിനുമുമ്പ് വീണ്ടും നടത്തിയ പഠനത്തിൽ ഇതിന് ആവശ്യമായ ജലം സ്രോതസ്സിൽ ലഭ്യമല്ലെന്ന് കണ്ടെത്തിയതിനാൽ ജല ലഭ്യതയുള്ള വേറൊരു സ്രോതസ്സ് കണ്ടുപിടിച്ച് പദ്ധതി നടപ്പിലാക്കുവാനായി 50 ലക്ഷം രൂപ മതിപ്പുള്ള പുതുക്കിയ മറ്റൊരു പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. പ്രസ്തുത പദ്ധതിയുടെ രൂപരേഖയ്ക്ക് അംഗീകാരം നൽകുന്നതിനുവേണ്ട നടപടികൾ സ്വീകരിച്ചുവരുന്നു.

63 (459) പൊയ്യക്കുന്നം വാട്ടർ സപ്ലൈ സ്കീം

ശ്രീ. എം.പി. വർഗ്ഗീസ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വേൾഡ് ബാങ്ക് പ്രോജക്ടിന്റെ കിഴക്കമ്പലം പഞ്ചായത്തിലെ പൊയ്യക്കുന്നം വാട്ടർ സപ്ലൈ സ്കീം പൂർത്തിയായിട്ട് എത്ര വർഷമായി;

(ബി) പ്രസ്തുത പ്രോജക്ടിന് എന്തു തുക ചെലവായിട്ടുണ്ട്; എന്നത്തേക്ക് കമ്മീഷൻ ചെയ്യാൻ കഴിയുമെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത പ്രോജക്ട് കമ്മീഷൻ ചെയ്യാൻ കഴിയാത്ത അവസ്ഥയിൽ ആണെന്ന കാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഇതേപ്പറ്റി സമഗ്രമായ അന്വേഷണവും അനന്തര നടപടികളും സ്വീകരിക്കുന്നതിന് തയ്യാറാകുമോ?

ഉത്തരം

(എ) പ്രസ്തുത പദ്ധതിയുടെ പണി ഭാഗികമായി പൂർത്തിയായിട്ട് 6 വർഷങ്ങളായി.

(ബി) 2074 ലക്ഷം രൂപ ചെലവായിട്ടുണ്ട്; വിതരണ ശൃംഖലയിലുള്ള ചില തകരാറുകൾ പരിഹരിച്ചതിനു ശേഷം മാത്രമേ കമ്മീഷൻ ചെയ്യാൻ കഴിയുന്ന തീയതി നിശ്ചയിക്കാൻ കഴിയൂ.

(സി) പ്രസ്തുത പ്രോജക്ട് കമ്മീഷൻ ചെയ്യാൻ കഴിയാത്ത അവസ്ഥയിലല്ല; എന്നാൽ കമ്മീഷൻ ചെയ്യുന്നതിന്റെ ഭാഗമായിട്ടുള്ള ട്രയൽ റണ്ണിംഗ് നടത്തുമ്പോൾ എ.സി. പൈപ്പു ലൈനിൽ പല ഭാഗത്തും ലീക്ക് ഉണ്ടാകുന്നതിനാൽ ട്രയൽ റണ്ണിംഗ് സുഗമമായി നടത്തുവാൻ സാധിക്കുന്നില്ല. ആയതു പരിഹരിക്കുവാൻ വേണ്ട നടപടികൾ സ്വീകരിച്ചു വരുന്നു.

(ഡി) ഇതേപ്പറ്റി വിശദമായ പഠനം നടത്തിവരികയാണ്.

64 (460) മുളക്കുഴ ശുദ്ധജലവിതരണ പദ്ധതി

ശ്രീ. കടമ്മനിട്ട രാമകൃഷ്ണൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly